പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 2430 | 19.03.2015- ൽ മറുപടി<br>നല്കേണ്ടത്. |

## പാലക്കാട് ജില്ല - ഭക്ഷ്യസുരക്ഷാവകുപ്പ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം. ചന്ദ്രൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യസുരക്ഷാ വകുപ്പിൽ പാലക്കാട് ജില്ലയിൽ എത്ര ഒഴിവുകൾ ഉണ്ട്; | എ) | 10 ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ ഒഴിവുണ്ട് |
| ബി) | ഉദ്യോഗസ്ഥരുടെ കുറവ്മൂലം വകുപ്പിന്റെ ജില്ലയിലെ പ്രവർത്തനം കാര്യക്ഷമമല്ല എന്നു സർക്കാർ കരുതുന്നുണ്ടോ; | ബി) & സി) | ഉദ്യോഗസ്ഥരുടെ കുറവ് വകുപ്പിന്റെ പ്രവർത്തനത്തെ ബാധിക്കാത്തവിധത്തിൽ നിലവിലുള്ള ഉദ്യോഗസ്ഥർക്ക് ഒഴിവുള്ള സർക്കിളുകളുടെ .അധിക ചുമതല നല്കിയിട്ടുണ്ട് കൂടാതെ നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി മുഖാന്തിരം നികത്തുന്നതിനുള്ള നടപടിയും ഇതിനകം സ്വീകരിച്ചിട്ടുണ്ട്. |
| സി) | ഒഴിവുകളുണ്ടെങ്കിൽ അതു നികത്തുന്നതിന് സർക്കാർതല ത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | | |
| ഡി) | കഴിഞ്ഞ ആറു മാസത്തിനിടയിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ജില്ലയിൽ എത്ര സ്ഥാപനങ്ങളിൽ പരിശോധന നടത്തി; | ഡി) | 82 സ്ഥാപനങ്ങളിൽ പരിശോധന നടത്തി. |
| ഇ) | പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തി ഏതെങ്കിലും സ്ഥാപനം ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ പൂട്ടിച്ചിട്ടുണ്ടോ;എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു.? | ഇ) | സ്ഥാപനങ്ങളൊന്നും പൂട്ടിച്ചിട്ടില്ല, മറ്റ് നടപടി സ്വീകരിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ